# കേരള സർക്കാർ

നം. 59900/ ഡിഡി 3 /13/തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡിഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി : 25-09-2013

## <u>സർക്കുലർ</u>

വിഷയം :- ഗാന്ധിജയന്തി/ഗ്രാമവികസന വാരം 2013 - സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്-

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ ഒരാഴ്ച്ചക്കാലം ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ഗ്രാമവികസന വാരമായി ആഘോഷിക്കേണ്ടതാണ്. ഗ്രാമവികസന വാരത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ശുചിത്വദിനം സംഘടിപ്പിയ്ക്കുന്നതിനും വികസന പരിപാടികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ശുചിത്വദിനം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ പ്രകാരം പുതിയ പ്രവൃത്തികൾക്ക് തുടക്കമിടുന്നതിനും തുടക്കമിട്ട പ്രവൃത്തികളുടെയും പ്രോജക്ടുകളുടെയും നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിനും നിർവ്വഹണം അന്തിമ ഘട്ടത്തിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗാന്ധിജയന്തി/ഗ്രാമവികസന വാരത്തിൽ ഓരോ ദിവസവും സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

ഒക്ടോബർ 2 : ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ന് പൊതുസ്ഥലങ്ങളിലെയും പൊതുസ്ഥാപനങ്ങളിലെയും വിദ്യാലയങ്ങളിലെയും ശുചീകരണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ വിപുലമായി സംഘടിപ്പിക്കേണ്ടതാണ്. നടപ്പു വർഷത്തിൽ ശുചിത്വദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാന ശുചിത്വമിഷൻ ത്രിതല പഞ്ചായത്തുകൾ, കുടുംബശ്രീ, സാംസ്കാരിക/ സന്നദ്ധ സംഘടനകൾ, എൻ.സി.സി, എൻ.എസ്.എസ് എന്നിവ നിശ്ചയിച്ച പരിപാടികളും പ്രവർത്തനങ്ങളും

ഒക്ടോബർ 2ന് ആരംഭിക്കേണ്ടതാണ്. ഓരോ വാർഡിലും അടിയന്തരമായി ശുചീകരണ പ്രവർത്തനങ്ങൾ, ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെ മാലിന്യനിർമ്മാർജ്ജന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2014-2015 വർഷത്തേക്കുള്ള ലേബർ ബജറ്റ് തയ്യാറാക്കേണ്ട തൊഴിലാളികളുടെ ഗ്രാമസഭകൾ ഒക്ടോബർ 2 ന് ചേരുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും ഈ വാരാചരണത്തിന്റെ തുടക്കം ഒക്ടോബർ 2 ന് നടക്കണം.

ഒക്ടോബർ 3 : സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയിൽ മുൻ വർഷങ്ങളിൽ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഏറ്റെടുത്തിട്ടുള്ള വ്യക്തിഗത/ഗ്രൂപ്പ് റോസ്ഗാരികളുടെ യോഗം വിളിച്ച് ചേർക്കണം. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ എസ്.ജി.എസ്.വൈ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഗുണഭോക്താക്കളെ വിളിക്കേണ്ടതും പ്രവർത്തനം വിലയിരുത്തേണ്ടതും മുൻപ് സഹായം നൽകിയ പ്രോജക്ടുകൾക്ക് വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്. ഇതിനുപുറമെ ബാങ്കുകളുടെ നേതൃത്വത്തിൽ റിക്കവറി ക്യാമ്പുകളുടെ മുന്നോടിയായുള്ള റിക്കവറി ക്യാമ്പയിൻ സംഘടിപ്പിക്കാവുന്നതാണ്.

ഒക്ടോബർ 4 : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളാകാൻ സന്നദ്ധതയുള്ളതും എന്നാൽ രജിസ്റ്റർ ചെയ്യാത്തതുമായ കുടുംബങ്ങളെ കണ്ടെത്തി അവർക്ക് ആവശ്യമായ നടപടികളിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രചരണ പരിപാടികൾക്ക് തുടക്കം കുറിക്കേണ്ടതാണ്. ഒക്ടോബർ 4 പ്രത്യേക തൊഴിലുറപ്പ് ദിനമായി കണക്കാക്കി ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പുതിയ പ്രവൃത്തികൾ ആരംഭിക്കൽ/നിർമ്മാണ പുരോഗതി അവലോകനം ചെയ്യൽ, തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, പുതിയ പ്രവൃത്തികളെ സംബന്ധിച്ചുള്ള ബോധവൽക്കരണം, പ്രോജക്ട് മീറ്റിംഗുകൾ സംഘടിപ്പിക്കൽ എന്നിവ നടത്തേണ്ടതാണ്.

ഒക്ടോബർ 5 : ഇന്ദിരാ ആവാസ് യോജന, പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ചു ചർച്ച ചെയ്തു കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച വീടുകളുടെ താക്കോൽദാനം ആരംഭിച്ച പ്രവൃത്തികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾക്കുള്ള രൂപരേഖ തയ്യാറാക്കൽ, നടപ്പ് വർഷം വീട് അനുവദിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങളും ഒക്ടോബർ 5 ന് ഏറ്റെടുക്കാവുന്നതാണ്.

ഇന്ദിരാ ആവാസ് യോജനയിൽ മുൻവർഷം ആരംഭിച്ച് പണി പൂർത്തിയാക്കാനുള്ള വീടുകൾ പൂർത്തിയാക്കുന്നതിന്, . ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർത്ത് പണി പൂർത്തിയാക്കുന്നതിനുള്ള **Action Plan** തയ്യാറാക്കേണ്ടതാണ്.

ഒക്ടോബർ 6: സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിൽ സംസ്ഥാനം അടിയന്തിര ശ്രദ്ധപതിപ്പിക്കേണ്ട മേഖലയാണ്. ഗ്രാമ പ്രദേശങ്ങളിലെ ഖരദ്രവ മാലിന്യ പരിപാലന പ്രോജക്ടുകളുടെ രൂപീകരണവും നിർവ്വഹണവും, ഓരോ ഗ്രാമപഞ്ചായത്തിലെയും ഒരു വാർഡിൽ എങ്കിലും സംയോജിത ഖരമാലിന്യ സംസ്ക്കരണത്തിനുള്ള പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും ഖരമാലിന്യങ്ങളുടെ രൂക്ഷത മൂലം പ്രശ്നബാധിതമായി തീർന്ന സർക്കാർ സ്ക്കൂൾ, മാർക്കറ്റ്, ആശുപത്രി, ഹോസ്റ്റൽ എന്നിവിടങ്ങളിൽ പ്രത്യേക പ്രോജക്ട് തയ്യാറാക്കുന്നതിനുമുള്ള ശില്പശാല ഒക്ടോബർ 6ന് സംഘടിപ്പിക്കേണ്ടതാണ്

ഒക്ടോബർ 7 : ആർ.ഐ.ഡി.എഫ് ൽ ആരംഭിച്ചിട്ടുള്ള പ്രവൃത്തികളുടെ അവലോകനവും പൂർത്തീകരിച്ച പ്രവൃത്തികളുടെ ഉദ്ഘാടനവും ഒക്ടോബർ 7 ന് സംഘടിപ്പിക്കേണ്ടതാണ്. ഐ.ഡബ്ള്യൂ.എം.പി പദ്ധതിയിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്. അനുവദിച്ചിട്ടുള്ള എല്ലാ പ്രോജക്ടുകളിലും ഏതെങ്കിലും ഒരു എൻട്രിപോയിന്റ് ആക്ടിവിറ്റിയെങ്കിലും ഈ കാലയളവിൽ ആരംഭിക്കേണ്ടതാണ്. കൂടാതെ ഐ.ഇ.സി പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ പ്രചരണ ജാഥകളോ/ബ്ലോക്ക്തല സെമിനാറോ സംഘടിപ്പിക്കേണ്ടതാണ്.

ഒക്ടോബർ 8 : ഗ്രാമവികസ വാരം സമാപനം - ത്രിതല പഞ്ചായത്ത് തലത്തിൽ 2012-2013, 2013-14 വാർഷിക പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് യോഗം സംഘടിപ്പിക്കേണ്ടതാണ്. പി.എം.ജി.എസ്.വൈ പ്രകാരം പൂർത്തിയാക്കിയ പ്രവർത്തികളുടെ ഉദ്ഘാടനവും പുതിയ പ്രവൃത്തികളുടെ ആരംഭവും ഈ ദിനത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇത് കൂടാതെ സമാപന യോഗത്തിന്റെ മുന്നോടിയായി ശുചിത്വ സന്ദേശ പദയാത്ര നടത്തേണ്ടതാണ്. വീടുകൾ തോറും കയറിയിറങ്ങി ശുചിത്വ സന്ദേശം പ്രചരിപ്പിക്കുകയാണ് ലക്ഷ്യം.

ഗാന്ധിജയന്തിയും/ഗ്രാമവികസന വാരവും സമുചിതമായി ആഘോഷിക്കുന്നതിന് വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പുറമെ ജില്ലയിലെ ഗ്രാമവികസന വകുപ്പിലെ ജില്ലാ തല ഉദ്യോഗ്സ്ഥരും നേതൃത്വം നൽകേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ പ്രോജക്ട് ഡയറക്ടർ ത്രിതല പഞ്ചായത്തുകളുടെ സമാഹൃത റിപ്പോർട്ട് 21.10.2013 നകം ഗ്രാമവികസന കമ്മീഷണർ മുഖേന തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

ഗാന്ധിജയന്തി/ഗ്രാമവികസന വാരാചരണത്തിന്റെ ചെലവിലേക്കായി 5,000/- രൂപയിൽ അധികരിക്കാത്ത തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതിയും ഇതിനാൽ നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ കളക്ടർമാർക്കും
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
   (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കണം)
6. എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും
   (പകർപ്പ് നഗരസഭാ ഡയറക്ടർ ലഭ്യമാക്കണം)
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റമാർക്കും/സെക്രട്ടറിമാർക്കും
   (പകർപ്പ് ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കണം)
8. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്ക്/സെക്രട്ടറിമാർക്കും
   (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കണം)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ പനവിള ജംഗ്ഷൻ, തിരുവനന്തപുരം
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
    (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കണം)
13. എല്ലാ കുടുംബശ്രീ മിഷൻ കോ - ഓർഡിനേറ്റർമാർക്കും
    (പകർപ്പ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ ലഭ്യമാക്കണം)
14. എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
15. ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
17. ഓഫീസ് കോപ്പി / കരുതൽ ഫയൽ

*ഉത്തരവിൻപ്രകാരം*

***സെക്ഷൻ ഓഫീസർ***

പകർപ്പ്- 1. ഗ്രാമവികസന ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.